ജനയുഗം
JANAYUGOM

July 8, 2016

# മത്തി ക്ഷാമം: സാമ്പത്തിക നഷ്ടം 150 കോടി

## സിഎംഎഫ്ആർഐ പഠന റിപ്പോർട്ട് സംസ്ഥാന സർക്കാറിന് സമർപ്പിച്ചു



കൊച്ചി: കഴിഞ്ഞ വർഷം സംസ്ഥാനത്ത് മത്തിയുടെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവ് മൂലം 150 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി എം എഫ് ആർ ഐ) നടത്തിയ പഠന റിപ്പോർട്ട്. മത്തിയുടെ ക്ഷാമം മൂലം മത്സ്യമേഖലയിൽ 28.2 ശതമാനം തൊഴിൽ കുറയുകയും മത്തിയുടെ വിലയിൽ 60 ശതമാനം വർധനവ് ഉണ്ടായതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഇത് മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും പഠനം വ്യക്തമാക്കുന്നു.

സംസ്ഥാനത്തെ മത്സ്യമേഖലയെ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് മന്ത്രി ജെ മെഴ്സിക്കുട്ടിയമ്മ സി എം എഫ് ആർ ഐ യിൽ വിളിച്ചു ചേർത്ത, ഫിഷറീസ് മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ സംയുക്ത യോഗത്തിലാണ് മത്തിയുടെ കുറവുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് സി എം എഫ് ആർ ഐ മന്ത്രിക്ക് സമർപ്പിച്ചത്. മത്തിയുടെ ലഭ്യത കുറയുന്നതിനുള്ള കാരണങ്ങളും സി എം എഫ് ആർ ഐ കണ്ടെത്തിയിട്ടുണ്ട്. അതിരു കടന്നുള്ള മത്സ്യബന്ധനം, മത്തിയുടെ പ്രജനന സമയത്തിലെ മാറ്റം, എൽനിനോ പ്രതിഭാസം, അമിതമായ തോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുത്തത് തുടങ്ങിയവയാണ് ജനകീയ മത്സ്യമായ മത്തി കുറയുന്നതിനുള്ള പ്രധാന കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്.

2010-2012 കാലയളവിൽ വൻതോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുത്തത് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മത്തി കുറയുന്നതിന് ഒരു പ്രധാന കാരണമാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

മത്തിയുടെ ലഭ്യതയിൽ ഈ വർഷം വർധനവിന് സാധ്യതയില്ലെന്നും സി എം എഫ് ആർ ഐ യിലെ ഫിഷറി എൺവയൺമെന്റ് ആന്റ് മാനേജ്മെന്റ് ഡിവിഷൻ മേധാവി ഡോ വി കൃപയുടെ നേതൃത്വത്തിൽ നടന്ന പഠനത്തിലുണ്ട്. കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നതിലുള്ള നിരോധനം കൂടുതൽ ശക്തമാക്കണമെന്ന് സി എം എഫ് ആർ ഐ സർക്കാറിനോട് ആവശ്യപ്പെട്ടു. മത്സ്യബന്ധന വലയുടെ നീളവും ആഴവും കുറയ്ക്കുന്നതിനും മറ്റ് കരുതൽ നടപടികൾ കൈക്കൊള്ളണമെന്നും സി എം എഫ് ആർ ഐ ആവശ്യപ്പെട്ടു. സംസ്ഥാനത്തെ ഫിഷറീസ് മേഖലയുടെ വികസനത്തിന് ഏത് തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സി എം എഫ് ആർ ഐ ഒരുക്കമാണെന്ന് ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു.